പ്ലാന്റേഷൻ തുടങ്ങിയ പ്രമുഖ കമ്പനികൾ ഇതിനകം തന്നെ സ്വീകരിച്ചുകഴിഞ്ഞു. ചില കമ്പനികൾക്ക് പ്രതിസന്ധി കാരണം ഉടൻതന്നെ നൽകുവാൻ കഴിയില്ല കുറച്ചുകൂടി സമയം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ആവശ്യങ്ങൾ അംഗീകരിക്കുവാൻ തൊഴിലാളി യൂണിയൻ പ്രതിനിധികളായ പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗങ്ങൾ തയ്യാറായിട്ടില്ല. ഇതിനെത്തുടർന്ന് കൂടിശ്ശിക വേതനം വിതരണം ചെയ്യാൻ പറ്റാത്ത സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പീരുമേട് ടീ കമ്പനിയിലേയും കോട്ടമല വാഗമണിലേയും തൊഴിലാളികൾക്ക് പുതുക്കിയ വേതനം നൽകിയിട്ടില്ല എന്ന പരാതിയെത്തുടർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആധികാരികമായി ചർച്ചചെയ്യുകയും നിയമലംഘനം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(18) ഇരിക്കൂർ മണ്ഡലത്തിലെ നച്യാട് - മണിക്കടവ് കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണം

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള നച്യാട്-മണിക്കടവ്, കാഞ്ഞിരക്കൊല്ലി റോഡ് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി ആ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന പി.ഡബ്ല്യൂ.ഡി ശുപാർശ ചെയ്തതായി മനസ്സിലാക്കുന്നു. മലയോരമേഖലയെ സംബന്ധിച്ചിടത്തോളം സ്ട്രിംഗ് ഹൈവേയും മറ്റു പ്രധാനപ്പെട്ട പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ഈ സുപ്രധാനമായ റോഡ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനു നബാർഡിന്റെ സാമ്പത്തിക സഹായത്തിനുവേണ്ടി വർക്ക് ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രോജക്ട് റിപ്പോർട്ടിന് 'നബാർഡി'ന്റെ സാമ്പത്തിക സഹായം നൽകുന്നതാണ്. 'നബാർഡി'ൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് പണി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(19) ചിങ്ങവനത്ത് പൂട്ടിക്കിടക്കുന്ന ടെസിൽ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, കോട്ടയം ജില്ലയിലെ ടെസിൽ കമ്പനി അടച്ചുപൂട്ടിയിട്ട് ഒന്നര വർഷം ഇപ്പോൾ കഴിഞ്ഞു. ട്രാവൻകൂർ റയോൺസ് ഫാക്ടറിക്കു വേണ്ടി കെ.എസ്.ഐ.ഡി.സി. കൊടുക്കേണ്ട അഞ്ചേമുക്കാൽ കോടി രൂപ കൊടുക്കാൻ താമസിക്കുന്നതുകൊണ്ടാണ് അടച്ചുപൂട്ടിയത്. കമ്പനി അടച്ചുപൂട്ടിയിട്ട് ഒന്നര വർഷമായി. ഗവൺമെന്റു പറഞ്ഞാൽ അഞ്ചേമുക്കാൽകോടി രൂപ കൊടുക്കാമെന്ന് കെ.എസ്.ഐ.ഡി.സി., എം.എൽ.എ.മാർ പങ്കെടുത്ത കോൺഫറൻസിൽ വച്ച് പറഞ്ഞതാണ്. അങ്ങനെ പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നര വർഷമായി പൂട്ടിക്കിടക്കുന്ന പ്രസ്തുത കമ്പനിക്ക് ഇതുവരെ രൂപ കൊടുത്തില്ല. 800 തൊഴിലാളി കുടുംബങ്ങളാണ് പട്ടിണിയിലുള്ളത്. പട്ടിണി മരണത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വളരെ ഗുരുതരമായൊരു മാനുഷിക പ്രശ്നമെന്നുള്ള നിലയിൽ ഈ ഫാക്ടറി തുറപ്പിക്കാനായി ഗവൺമെന്റ് കണ്ണുതുറക്കണം. കൊടുക്കാമെന്നു പറഞ്ഞ രൂപ കൊടുക്കണം. ഇനിയും ഇതു വച്ചു താമസിപ്പിക്കരുത്. വർഷം ഒന്നര കഴിഞ്ഞു. ഗവൺമെന്റ് ഈ കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സഹകരണവും വകുപ്പുമന്ത്രി (ശ്രീമതി. സുശീലാ ഗോപാലൻ) : സർ, ചിങ്ങവനത്തെ ടെസിൽ കമ്പനി 15.5.99 മുതൽ അടഞ്ഞു കിടക്കുകയാണ്. 7/99 കമ്പനി ലോക്കൗട്ട് ചെയ്യുകയുണ്ടായി. കമ്പനി തുറക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായവകുപ്പുമന്ത്രിയുടേയും വൈദ്യുതി വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ പല പ്രാവശ്യം ചർച്ചകൾ നടത്തുകയുണ്ടായി. 1998-ൽ ടെസിൽ കമ്പനി 5 കോടി രൂപയുടെ ഷെയർ പാർട്ടിസിപ്പേഷനുവേണ്ടി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുകയുണ്ടായി. എന്നാൽ കമ്പനി ഹൈഡൽ പ്രോജക്ടിനുവേണ്ടി സ്വരൂപിച്ച 5388 ലക്ഷം രൂപയും 1667 ലക്ഷം രൂപയും മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ച സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. തുക അനുവദിച്ചില്ല. കമ്പനി ഒരു മാസം 80 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കമ്പനി മാനേജ്മെന്റ് അറിയിച്ചതിനെ കണക്കിലെടുത്ത് കമ്പനി നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അന്വേഷിച്ച് പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനായി തൊഴിലാളി യൂണിയൻ പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കാൻ 22.6.99-ൽ കൂടിയ ഉന്നതതലയോഗം തീരുമാനിച്ചു. കമ്മിറ്റി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി ശുപാർശ ചെയ്യുകയുണ്ടായി. കമ്പനിയുടെ 80 ലക്ഷം രൂപയുടെ വൈദ്യുതി കുടിശ്ശികയുടെ 50 ശതമാനം ഉല്ലുങ്കൽ പദ്ധതിയിൽ നിന്നും ഈടാക്കുക, വൈദ്യുതി ചാർജ്ജിന്റെ എല്ലാ പിഴ പലിശയും എഴുതിത്തള്ളി പകരം സാധാരണ പലിശ ഈടാക്കുക, കമ്പനിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുക, കമ്പനിയെ പഴയ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിന് അനുവദിക്കുക, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും കമ്പനി തുറന്നു പ്രവർത്തിക്കാൻ തയ്യാറാണെങ്കിൽ വൈദ്യുതിചാർജ്ജ് നിരക്കിൽ കുറവു നൽകുന്ന പ്രശ്നം വൈദ്യുതിബോർഡിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നതാണെന്ന് സർക്കാർ കമ്പനിയെ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2.1.2000-ത്തിന് ഒരു യോഗം വിളിക്കുകയുണ്ടായി. കമ്പനി തുറന്നുപ്രവർത്തിക്കുന്നതിനായി, ഉല്ലുങ്കൽ പദ്ധതി പൂർത്തീകരിക്കുന്നതിനുമായി അഞ്ചു കോടി രൂപ ഓഹരി മൂലധനമായി സർക്കാർ അനുവദിക്കണമെന്ന് ടെസിൽ സി.എം.ഡി. ആവശ്യപ്പെട്ടു. കമ്പനിക്ക് മുമ്പ് അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഐ.ഡി.ബി.ഐ കൂടി ഉൾപ്പെട്ടിട്ടുള്ള ധനകാര്യസ്ഥാപനങ്ങൾക്ക് തൃപ്തികരമായ മറുപടി കമ്പനി നൽകിയിട്ടില്ല എന്നതു കൂടാതെ കമ്പനിക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലേയ്ക്ക് തവണ വ്യവസ്ഥകൾ അനുവദിച്ചുവെങ്കിൽ കമ്പനി കുടിശ്ശിക വരുത്തിയതായും ചൂണ്ടിക്കാണിക്കപ്പെട്ടു. ഉല്ലുങ്കൽ പദ്ധതി പൂർത്തീകരിക്കുന്നതിന് വസ്തുനിഷ്ഠമായ പഠനം ആവശ്യമാണെന്നും തീരുമാനിച്ചു. 17.7.2000-ൽ വ്യവസായ വകുപ്പുമന്ത്രി വീണ്ടും ഒരു യോഗം വിളിച്ചു കൂട്ടുകയുണ്ടായി. വിശദമായ ചർച്ചകൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഐ.ഡി.ബി.ഐ, കെ.എസ്.ഐ.ഡി.സി, കാനറാ ബാങ്ക് എന്നിവയുടെ പ്രതിനിധികളും കമ്പനിയും സംയുക്തമായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വയബിലിറ്റിയെക്കുറിച്ച് പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി. അഞ്ചു കോടി രൂപ നൽകുന്ന കാര്യം പരിഗണിക്കുമെന്നും വൈദ്യുതി നിരക്കിൽ ഉള്ള കുടിശ്ശിക സംബന്ധിച്ച് കമ്പനി പ്രതിനിധികളും വൈദ്യുതിബോർഡ് പ്രതിനിധികളും സംയുക്തമായി ചർച്ചചെയ്ത് പ്രശ്നം തീർക്കാമെന്നും തീരുമാനിച്ചു. ഇതിനിടയ്ക്ക് കമ്പനിയുടെ ബാധ്യത ബാങ്കുകളുടെ എൻ.പി.എ.യിൽ ഉൾപ്പെടുത്താതിരുന്നതിനാൽ പുതിയ ഫണ്ട് നൽകാൻ കഴിയില്ലെന്ന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും അറിയിച്ചു. വൈദ്യുതി ബോർഡിന് കമ്പനി വരുത്തിയിട്ടുള്ള കുടിശ്ശിക 17 കോടി രൂപയാണ്. അതിൽ വളരെ തുച്ഛമായ തുക മാത്രമേ കമ്പനി അടച്ചിട്ടുള്ളൂ. ഉല്ലുങ്കൽ പദ്ധതി പ്രാവർത്തികമായാൽ കുടിശ്ശിക അടയ്ക്കാമെന്ന കമ്പനിയുടെ നിലപാടിനോട് ബോർഡ് മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ യോജിച്ചില്ല. കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും അടച്ചുതീർക്കണമെന്ന നിലപാട് ബോർഡിനുണ്ട്. കമ്പനി അതിന്റെ കണക്കുകൾ പൂർത്തിയാക്കിയതു സംബന്ധിച്ച റിപ്പോർട്ടും വൈദ്യുതിബോർഡ് ഉല്ലുങ്കൽ പദ്ധതി സംബന്ധിച്ച പ്രവർത്തനറിപ്പോർട്ടും ലഭിച്ചശേഷം ബാങ്കിന്റെയും ധനകാര്യസ്ഥാപനങ്ങളുടേയും സംയുക്തമായ യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യത്തിലുള്ള ബുദ്ധിമുട്ട് എന്നു പറയുന്നത്, പറയുന്നതൊന്നും ചെയ്യുന്നത് മാനേജ്മെന്റല്ല എന്നുള്ളതാണ്. ചെയ്യുന്ന കാര്യത്തിലാണെങ്കിൽ, കൊടുക്കുന്ന പണമെല്ലാം ഡൈവർട്ട് ചെയ്തുപോകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. അതിനു പരിഹാരമുണ്ടാക്കാനാണ് പരിശ്രമിക്കുന്നത്. പല കാര്യങ്ങളും ഗവൺമെന്റ് യോഗം വിളിച്ചുകൂട്ടി നിരവധി പ്രാവശ്യം ചർച്ചചെയ്തതാണ്. കെ.എസ്.ഐ.ഡി.സി.യും മറ്റു ധനകാര്യസ്ഥാപനങ്ങളുടക്കം മുൻകൈ എടുത്താൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ കഴിയൂ. അതിനാണ് യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ തീരുമാനിക്കാൻ ശ്രമിക്കുന്നത്. റയോൺസ് കമ്പനിക്ക് കൊടുക്കുന്നതുപോലെ ലളിതമായൊരു പ്രക്രിയയല്ല ഈ സ്ഥാപനത്തിനു കൊടുക്കുന്നത്. റയോൺസ് കമ്പനി മിക്കവാറും ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ്.

(20) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, കേരളത്തിലെ നാൽപ്പതിനായിരത്തിലധികം വരുന്ന അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നാട്ടിൻപുറങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് തുച്ഛമായ വേതനം പറ്റി പണിയെടുക്കുന്നവരാണ് അംഗൻവാടി ജീവനക്കാർ. 100 ശതമാനം സ്ത്രീകളാണ് അംഗൻവാടി ജീവനക്കാരായി പണിയെടുക്കുന്നത്. ഇവരുടെ പ്രവർത്തനം അംഗീകരിച്ചുകൊണ്ട് നമ്മുടെ സർക്കാർ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് അനുവദിച്ചുനൽകിയതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വീണ്ടും 100 രൂപയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതുവരെ നടപ്പിലാക്കാത്തതിൽ തുച്ഛവരുമാനക്കാരായ ഇവർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ട്. അത് അനുവദിച്ചു നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly